## (6.) അതിരുങ്കൽ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1653 ജനുവരി 3-ാം തീയതി വെള്ളിയാഴ്ച നടന്ന കുനൻകുരിശുസത്യത്തിന് ശേഷമാണ് കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ പുത്തൻകൂറ്റുകാരെന്നും പഴയകൂറ്റുകാരെന്നും രണ്ടായി വിഭജിക്കപ്പെട്ടത്. അന്ന് മുതൽ തന്നെ പുനരൈക്യത്തിനുള്ള ശ്രമങ്ങളും തുടങ്ങിയിരുന്നു. 1927-ൽ പരുമലയിൽവെച്ച് നടന്ന മലങ്കര യാക്കോബായ സുറിയാനി സുനഹദോസ് റോമാ സിംഹാസനവുമായി ഐക്യപ്പെടുവാൻ തീരുമാനിച്ചു. റോമുമായിട്ടുള്ള എഴുത്തുകുത്തുകൾക്കുവേണ്ടി മാർ ഈവാനിയോസ് തിരുമേനിയെ നിയോഗിച്ചു. എന്നാൽ അന്ന് നിലവിൽ ഉണ്ടായിരുന്ന കേസിന്റെ വിധി മെത്രാൻകക്ഷിക്ക് അനുകൂലമായി വന്നപ്പോൾ പുനരൈക്യശ്രമത്തിൽ നിന്ന് പല മെത്രാന്മാരും പിന്മാറി. എങ്കിലും ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും ദൃഢനിശ്ചയത്തോടെ നിലകൊണ്ടു. ഈ ശ്രമങ്ങളെല്ലാം ഫലമണിയുന്നത് 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം അരമനചാപ്പലിൽ ബൻസിഗർ തിരുമേനിയുടെ മുമ്പിൽ മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ ഒ.ഐ.സി., അലക്സാണ്ടർ ശെമ്മാശൻ, കിളീലേത്ത് ചാക്കോ എന്നിവരുടെ പുനരൈക്യത്തോടുകൂടിയാണ്. പുനരൈക്യത്തിന്റെ അലയൊലികൾ നാടെങ്ങും അലയടിക്കാൻ കാലമധികം കാത്തിരിക്കേണ്ടതില്ലായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ആതിരുങ്കലിന്റെ ഭൂരിഭാഗവും പടപ്പാറ ഉൾപ്പെടെ ഉള്ള പ്രദേശങ്ങളും വനമായിരുന്നു. രണ്ടു താലൂക്കുകളുടെ അതിർത്തി പങ്കിടുന്ന പ്രദേശം എന്ന അർത്ഥത്തിലാണ് അതിരുങ്കൽ എന്ന പേരുവന്നതെന്ന് കരുതപ്പെടുന്നു. അവിഭക്ത കൊല്ലം ജില്ലയായിരുന്ന ഈ ഗ്രാമം 1982-ൽ പത്തനംതിട്ട ജില്ല രൂപപ്പെട്ടപ്പോൾ പുതിയ ജില്ലയോടുചേർക്കപ്പെട്ടു. കലഞ്ഞൂർ, അരുവാപ്പുലം എന്നീ രണ്ടു പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശമാണ് അതിരുങ്കൽ. ഇതൊരു കുടിയേറ്റ പ്രദേശമാണെന്ന് പറയാം. 1930-കളിൽ നരിയാപുരം, തുമ്പമൺ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ ഇവിടെ വന്ന് കാട് വെട്ടിത്തെളിച്ച് കുടിയേറി താമസമാക്കി. അങ്ങനെ കുടിയേറി താമസിച്ചവർ മണ്ണിൽ പണിയെടുത്ത് കൃഷിയെ സ്നേഹിച്ച് ഈ കുടിയേറ്റഭൂമിയുടെ സ്വന്തമായി മാറി.

### ക്രൈസ്തവ കൂട്ടായ്മയുടെ ആരംഭം

കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾ വിശ്വാസ സ്ഥിരതയുള്ളവരും തികഞ്ഞ ദൈവാശ്രയ ബോധമുള്ളവരുമായിരുന്നു. കുടിയേറി പാർത്ത സ്ഥലത്ത് സ്വന്തമായ ഒരു ആരാധനാലയം ഉണ്ടാക്കണമെന്ന് അവർ ആഗ്രഹിച്ചു. അവരുടെ തീവ്രമായ ആഗ്രഹത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായി 1930-കളിൽ തന്നെ അതിരുങ്കൽ ജംഗ്ഷനിൽ തുണ്ടിയിൽ അപ്പച്ചന്റെ സ്ഥലത്ത് ഒരു കൂര കെട്ടി യാക്കോബായ പള്ളി തുടങ്ങി. അവർ ഏകമനസ്സോടെ അവിടെ ആരാധനയിൽ പങ്കുചേർന്നു. എന്നാൽ ഈ പള്ളിയിൽ സ്ഥിരമായി ആരാധന നടത്തുവാൻ വൈദികരുണ്ടായിരുന്നില്ല. ഈ കാലയളവിൽ ചങ്ങനാശ്ശേരിയിൽ നിന്ന് പുരയ്ക്കൽ അച്ചൻ എന്നു പേരുള്ള ഒരു സിറോ മലബാർ വൈദികൻ അതിരുങ്കലിൽ എത്തി. അദ്ദേഹം മേരിവില്ല എസ്റ്റേറ്റ് എന്നറിയപ്പെട്ടിരുന്ന തോട്ടം വാങ്ങി. അതിന്റെ നടുവിലായിരുന്നു അച്ചന്റെ താമസസ്ഥലം. വീടിനോടു ചേർന്ന് ഒരു ചാപ്പലും അച്ചൻ സജ്ജമാക്കി. യാക്കോബായ പള്ളിയിൽ ആരാധനന്ക്കു മുടക്കം വന്നതിനാൽ കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾ പുരയ്ക്കൽ അച്ചന്റെ ചാപ്പലിൽ വിശുദ്ധ കുർബാനയ്ക്ക് എത്തിയിരുന്നു. അവരുടെ ആഴത്തിലുള്ള വിശ്വാസവും വി. കുർബാനയോടുള്ള സ്നേഹവും ആരാധനയോടുള്ള ആഗ്രഹവും ആണ് നാം ഇതിൽ പ്രത്യേകമായി കാണേണ്ടതും മനസ്സിലാക്കേണ്ടതും. ചേടിയത്ത് ദാനിയേൽ, തോമസ് മോടിയിൽ എന്നിവർ പുരയ്ക്കൽ അച്ചന്റെ ശുശ്രൂഷകരായിരുന്നു. അന്ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട വിശ്വാസികളെ പുരയ്ക്കൽ അച്ചന്റെ സ്ഥലത്ത് തന്നെയാണ് സംസ്കരിച്ചിരുന്നത്.

### മലങ്കര കൂട്ടായ്മയുടെ പിറവി

ചിതറിപ്പോയ ആടുകളെ ഇടയൻ ആലയിൽ ഒരുമിച്ച് ചേർക്കുന്നതുപോലെ ഒരു ഇടയനും ഒരു

തൊഴുത്തും ആകാൻ മാർ ഈവാനിയോസ് തിരുമേനി 1930 സെപ്റ്റംബർ 20 - ന് കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ കൂട്ടായ്മയിലേക്ക് കടന്നുവന്നു. അതേ കാലയളവിൽ വകയാർ കേന്ദ്രീകരിച്ച് ഒരു മലങ്കര കത്തോലിക്കാ സഭാകൂട്ടായ്മ രൂപപ്പെട്ടു. 1942 - ലാണ് ഒരു ഇടവക കൂട്ടായ്മയായി വകയാർ മാറിയത്. വകയാർ ഇടവകയിലും പരിസരത്തും ഉള്ള വിശ്വാസസമൂഹത്തെ ശക്തിപ്പെടുത്തുന്നതിന് വേണ്ടി മാർ ഈവാനിയോസ് പിതാവ് ഇടയ്ക്കിടെ ഈ ദൈവാലയം സന്ദർശിക്കാറുണ്ടായിരുന്നു. അതിരുങ്കൽ ഉൾപ്പെടെ ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകൾ ഇവിടെ ആരാധനയ്ക്കായി ഒരുമിച്ച് കൂടിയിരുന്നു.

അതിരുങ്കലിൽ സ്ഥാപിക്കപ്പെട്ട യാക്കോബായ പള്ളിയിൽ മുടക്കം കൂടാതെ ആരാധന നടത്തുവാൻ വൈദികൻ ഇല്ലാതെ വരുകയും പുരയ്ക്കൽ അച്ചൻ ഇവിടെ നിന്ന് പോകുകയും ചെയ്തപ്പോൾ അതിരുങ്കലിൽ യാക്കോബായ ക്രിസ്ത്യാനികൾക്ക് വിശുദ്ധ കൂർബാനയിലും ആരാധനയിലും സംബന്ധിക്കാൻ കാൽനടയായി ഏറെ ദൂരം യാത്ര ചെയ്യേണ്ടി വന്നു. അന്ന് പള്ളിയിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ വകയാർ പള്ളിയിൽ ചെന്ന് മാർ ഈവാനിയോസ് പിതാവിനെ കാണുകയും അതിരുങ്കലേക്ക് ഒരു വൈദികനെ അയച്ചുതരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അവിടെ വച്ച് ആ കുടിയേറ്റ ക്രിസ്ത്യാനികൾ പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭാംഗങ്ങളായി. മാർ ഈവാനിയോസ് പിതാവ്  അവർക്ക് വേണ്ടി ഒരു വൈദികനെ നൽകുകയും ചെയ്തു. താത്ക്കാലികമായി കെട്ടിയുണ്ടാക്കിയ ഒരു ഷെഡിലാണ് അന്ന് ആരാധന അർപ്പിച്ചത്. അങ്ങനെ 15 കുടുംബങ്ങളുമായി മലങ്കര കത്തോലിക്കാ സഭ അതിരുങ്കലിൽ പിറവിയെടുത്തു.

**ആദ്യത്തെ ദൈവാലയവും വിശുദ്ധ ഗീവർഗീസ് സഹദായും**

ഒരു സഭാകൂട്ടായ്മയായി തീർന്ന വിശ്വാസികൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഈ പ്രദേശത്ത് സ്വന്തമായി ഒരു ദൈവാലയം വേണമെന്ന് തീവ്രമായി ആഗ്രഹിച്ചു. അവരുടെ നിരന്തരമായ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായി കിടങ്ങിൽ ഈശോച്ചന്റെ കൈയിൽ നിന്ന് ഇപ്പോൾ ദൈവാലയം സ്ഥിതി ചെയുന്ന സ്ഥലം വിലയ്ക്കു വാങ്ങി. രത്നഗിരി എസ്റ്റേറ്റിലെ സൂപ്രണ്ടായിരുന്ന അഗസ്റ്റിൻ ഫെർണാണ്ടസിനെയാണ് പള്ളിപണിയുടെ ചുമതലക്കാരനായി നിയമിച്ചത്. കട്ടികുറഞ്ഞ തടികൊണ്ടാണ് കതകും ജനലും ഉണ്ടാക്കിയത്. പലകകളെല്ലാം ഒരു തരം വണ്ടൻ തുളച്ചിരുന്നു. അതുകൊണ്ട് ഈ പള്ളിയെ വണ്ടൻ പള്ളി എന്ന് വിളിച്ചിരുന്നു.

വി. ഗീവർഗീസ് സഹദായുടെ നാമത്തിലാണ് ദൈവാലയം പ്രതിഷ്ഠിച്ചത്. വനത്തോട് ചേർന്ന പ്രദേശമായിരുന്നതിനാൽ കൃഷിക്കും മൃഗങ്ങൾക്കും മനുഷ്യനും പാമ്പിന്റേയും മറ്റ് മൃഗങ്ങളുടെയും ആക്രമണങ്ങളെ നേരിടേണ്ടി വന്നിരുന്നു. കാടും മലയും കുന്നും താഴ്വരയും ഒക്കെ നിറഞ്ഞ ഈ മനോഹര ഭൂമിയിലൂടെ യാത്ര ചെയ്ത നമ്മുടെ പൂർവികർ വിഷസർപ്പങ്ങളിൽ നിന്നും മറ്റ് ക്ഷുദ്രജീവികളിൽ നിന്നും രക്ഷനേടുവാൻ വിശുദ്ധ ഗീവർഗീസ് സഹദായുടെ ശക്തിയേറിയ മാദ്ധ്യസ്ഥ്യം യാചിച്ചിരുന്നു. അവരൊക്കെയും ഈ വിശുദ്ധന്റെ വലിയ മാദ്ധ്യസ്ഥശക്തി അനുഭവിച്ചറിഞ്ഞവരാണ്. അങ്ങനെ അവരുടെ മനസ്സിൽ തുടികൊട്ടിയ ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ് ഈ ദൈവാലയം. ഒരു ഇടവകസമൂഹമായ കാലം മുതൽ സഹദായുടെ തിരുനാൾ എല്ലാ വർഷവും ആഘോഷപൂർവം കൊണ്ടാടുന്നു. പെരുന്നാളിനോടനുബന്ധിച്ച് ദേശത്തിനും ദേശവാസികൾക്കും അനുഗ്രഹപ്രദമായി നടത്തപ്പെടുന്ന തിരുനാൾ റാസയും ചെമ്പെടുപ്പും മുത്തുക്കുട നേർച്ചയും വെച്ചൂട്ടും ഈ തിരുനാളിന്റെ പ്രത്യേകതകളാണ്. നാനാജാതി മതസ്ഥർ ഏകമനസ്സോടെ ഈ തിരുനാളിൽ പങ്കെടുക്കുന്നു എന്നത് വളരെ അനുഗ്രഹപ്രദമാണ്.

പുതിയതായി പണികഴിപ്പിക്കപ്പെട്ട പള്ളിയുടെ ആദ്യവികാരിയായി ചുമതലയേറ്റത് സിറിയക് മണവാളൻ അച്ചനാണ്. പള്ളിയോട് ചേർന്ന് നിർമ്മിച്ച ഓലക്കെട്ടിടത്തിലായിരുന്നു ആദ്യത്തെ പള്ളിമേട. ചെളി കുഴച്ച് കട്ടയുണ്ടാക്കി, ഓലമേഞ്ഞ ഈ കെട്ടിടം പണിതത് അവതച്ചേട്ടന്റെ മേൽനോട്ടത്തിലായിരുന്നു. തന്റെ ആടുകളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിലും സംരക്ഷിക്കുന്നതിലും മണവാളൻ അച്ചൻ സദാ ജാഗരൂകനായിരുന്നു.

ദേശത്തിന് മുഴുവൻ അനുഗ്രഹദായകമായി വിശുദ്ധ ഗീവർഗീസ് സഹദായുടെയും പരിശുദ്ധ അമ്മയുടെയും മദ്ധ്യസ്ഥതയിൽ അതിരുങ്കൽ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് അതിരുങ്കൽ ജംഗ്ഷനോടടുത്ത് മണവാളനച്ചന്റെ നേതൃത്വത്തിൽ പണിതീർത്ത കുരിശ്ശടി 1953-ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശ ചെയ്ത് ഈ നാടിന് സമർപ്പിച്ചു. മണവാളനച്ചൻ രണ്ട് പ്രാവശ്യം ഈ ദൈവാലയത്തിന്റെ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മണവാളനച്ചനു ശേഷം വർഗീസ് മാവേലിൽ അച്ചൻ താൽക്കാലിക വികാരിയായി നിയമിതനായി. അതിനുശേഷം ദാനിയേൽ തോട്ടം അച്ചനെയായിരുന്നു വികാരിയായി പിതാവ് നിയമിച്ചത്. ആദ്യം പണിത പള്ളിമേട കാലം ചെന്നപ്പോൾ താമസയോഗ്യമല്ലാതെയായി മാറി. നിരവേൽ ഐപ്പ് ഉണ്ണികോശി എന്ന പാപ്പിച്ചേട്ടന്റെ മേൽനോട്ടത്തിൽ ഒരു പള്ളിമേട പണിതു അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി കെട്ടിടം കൂദാശ ചെയ്തു.

**കരിങ്കല്ലിൽ പണിതുയർത്തിയ പുതിയ ദൈവാലയം**

വിരലിൽ എണ്ണാവുന്ന കുടിയേറ്റ ക്രിസ്ത്യാനികൾ പ്രാർത്ഥനയ്ക്കായി ഒത്തുചേർന്ന് രൂപപ്പെട്ട ഈ കൂട്ടായ്മ ഇതിനൊടകം അതിവേഗം വളർന്ന ഒരു ഇടവക കൂട്ടായ്മയായി പരിണമിച്ചിരുന്നു. അവരുടെ വിശ്വാസ തീക്ഷ്ണതയും ക്രൈസ്തവസാക്ഷ്യവും അനേകം കുടുംബങ്ങൾ ഈ കൂട്ടായ്മയിലേക്ക് കടന്നുവരുന്നതിന് പ്രചോദനമായി. ആദ്യകാലത്ത് പണിതീർത്ത വണ്ടൻപള്ളി എന്ന ആ ചെറിയ ദൈവാലയത്തിന് ഈ ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയാതെ വന്നു. കാലപ്പഴക്കം മുലം ആ പള്ളിക്കെട്ടിടത്തിന് കാര്യമായ ബലക്ഷയമുണ്ടാകുകയും ചെയ്തു. എന്നാൽ ആ സമൂഹം അനുദിനം ദൈവത്തിൽ ശരണപ്പെട്ട് ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. ദാനിയേൽ തോട്ടമച്ചന്റെ പ്രാർത്ഥനയിലും നേതൃത്വത്തിലും ഈ പ്രദേശത്തിന് മുഴുവൻ വിളക്കായി പരിലസിക്കുന്ന ഒരു ദൈവാലയം നിർമ്മിക്കുവാൻ ഇടവക സമൂഹം തീരുമാനിച്ചു. അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെ അനുമതിയോടെ പുതിയ ദൈവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു.

ദൈവാശ്രയവും കഠിനാദ്ധ്വാനവും മാത്രം കൈമുതലായുള്ള ഒരു സമൂഹമായിരുന്നു അന്ന് ഇവിടെ ഉണ്ടായിരുന്നത്. ദാനിയേൽ തോട്ടമച്ചന്റെ നേതൃത്വവും പ്രാർത്ഥനയും ത്യാഗവും ഈ ദൈവാലയനിർമ്മിതിയിൽ ഉടനീളം നിറഞ്ഞുനിന്നു. സാങ്കേതികവിദ്യകളും നിർമ്മാണ മേഖലയും വളരുന്നതിന് മുൻപ് കർഷകരായ ഒരു സമൂഹം അവരുടെ അദ്ധ്വാനവും വിയർപ്പും നൽകി പ്രാർത്ഥനയോടെ കരിങ്കല്ലിൽ കെട്ടിയുയർത്തിയ ഒരു പള്ളിയാണ് ഇന്ന് ഇവിടെ കാണുന്നത്. കല്ലും മണ്ണും ചുമക്കാനുൾപ്പെടെ നിർമ്മാണത്തിന്റെ എല്ലാ മേഖലകളിലും ദാനിയേലച്ചന്റെയും ഇടവകജനങ്ങളുടെയും അധ്വാനവും പ്രയത്നവും ഉണ്ടായിരുന്നു. അവരുടെ പ്രാർത്ഥനയിലും അധ്വാനത്തിലും ഉയർന്ന ഈ ദൈവാലയം 1971-ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശ ചെയ്ത് ദൈവജനത്തിന് സമർപ്പിച്ചു. ഇടവകയിലെ വിശ്വാസികളുടെ സംഖ്യ വർദ്ധിച്ചു. ധാരാളം ദൈവവിളികളുണ്ടായി. അതിരുങ്കൽ ഇടവകയിൽ നിന്നുള്ള ആദ്യത്തെ രണ്ട് ദൈവവിളികൾ ജോസഫ് തടത്തിലച്ചന്റെയും ഗീവർഗീസ് ചേടിയത്തച്ചന്റെയുമാണ്. ആത്മീയമായും ഭൗതികമായും ത്വരിതമുന്നേറ്റമായിരുന്നു ഇടവകയ്ക്ക് കാലം കാത്തുവച്ചിരുന്നത്. തുടർന്ന് ഇടവകയുടെ വികാരിമാരായി നിയോഗിക്കപ്പെട്ട ലൂക്കോസ് മാക്കീൽ അച്ചനും ജോസഫ് വടക്കേക്കൂറ്റ് അച്ചനും ഉൾപ്പെടെയുള്ള എല്ലാ വൈദികരും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നവരും ആത്മീയതയ്ക്ക് പ്രാധാന്യം നൽകുന്നവരും ആയിരുന്നു. അതുകൊണ്ട് മലങ്കര കത്തോലിക്കാസഭയിൽ ഏറ്റവുമധികം ദൈവവിളികൾ ഉള്ള ഇടവകയാണ് അതിരുങ്കൽ ഇടവക. ഒരു ചെറിയ കൂട്ടായ്മയായി ആരംഭിച്ച ഈ സമൂഹത്തെ 2013-ൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ മലങ്കരസഭയുടെ റോം എന്ന് വിശേഷിപ്പിച്ചു.

**മേരിമക്കൾ സന്ന്യാസിനി സമൂഹത്തിന്റെ പങ്ക്**

ഇടവകസമൂഹത്തിന്റെ ആത്മീയാവശ്യങ്ങളിലേക്ക് ഇറങ്ങിചെന്ന് പ്രവർത്തിക്കാനും പഠിപ്പിക്കാനും ഒരു സന്ന്യാസിനീ സമൂഹത്തിന്റെ ഭവനം തുടങ്ങുന്നത് നല്ലതാണെന്ന് ചിന്തയിൽ നിന്നുമാണ് മേരിമക്കൾ സന്ന്യാസിനീ

സമൂഹത്തിന്റെ ഭവനം തുടങ്ങുവാനുള്ള ആലോചനകൾ തുടങ്ങുന്നത്. 1984-ൽ പള്ളിയോട് ചേർന്ന് മഠത്തിനായി സ്ഥലം വാങ്ങുകയും മേരിമക്കൾ സന്യാസിനീ സമൂഹത്തിന്റെ ഭവനം ആരംഭിക്കുകയും ചെയ്തു. സിസ്റ്റർ പവിത്ര, സിസ്റ്റർ ബെറ്റി, സിസ്റ്റർ ഡൊമിനിക് എന്നിവർ ആയിരുന്നു ആദ്യമായി ഇവിടെ സേവനം ചെയ്തത്. ഇന്നും ഈ സമൂഹത്തിന്റെ നിസ്തുലമായ സേവനം സമൂഹത്തിൽ തുടരുന്നു.

ജോൺ കുറ്റിയിൽ അച്ചന്റെ പ്രയത്നഫലമായി ഒരു അൺഎയ്ഡഡ് സ്കൂളിന്റെ പ്രവർത്തനവും ആരംഭിച്ചിരുന്നു. അതിന്റെ നേതൃത്വം വഹിച്ചിരുന്നത് ഈ സിസ്റ്റേഴ്സ് തന്നെയായിരുന്നു. നിരവധി ആളുകൾക്ക് ഭവനം നിർമ്മിച്ചു നൽകിയും പോഷകാഹാരം നൽകിയും കൃഷിക്കാവശ്യമായ സാധനങ്ങൾ ലഭ്യമാക്കിയും അച്ചൻ സമൂഹത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ചു.

**പുതിയ കുരിശടികളും പള്ളിമേടയും സെല്ലാറും**

ആദ്യകാലത്ത് സിറിയക് മണവാളനച്ചൻ നിർമിച്ച അതിരുങ്കൽ ജംഗ്ഷനിലുള്ള കുരിശ്ശടിക്ക് കാലപ്പഴക്കം വന്നിരുന്നു. 1992-ൽ യോഹന്നാൻ മുളമൂട്ടിലച്ചൻ ഈ കുരിശ്ശടി പുതുക്കി പണിതു. മാത്യു കയ്യാലയ്ക്കൽ അച്ചൻ ഇടവകയ്ക്കായി ചെറിയ ഒരു ആഡിറ്റോറിയം പണി തീർത്തു. അതുപോലെ നിരവേൽ ഭാഗത്ത് വി.യൂദാതദേവൂസിന്റെ നാമത്തിൽ ഒരു കുരിശ്ശൂടി തടത്തിൽ മത്തായിച്ചന്റെ സ്ഥലത്ത് പണിതീർത്ത് ഇടവകയ്ക്ക് സമർപ്പിച്ചത് മാത്യു മാടപ്പള്ളിൽ ച്ചനാണ്. ദാനിയേൽ തോട്ടം അച്ചൻ പണിതീർത്ത പള്ളിമേടയും കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിൽ ആയിരുന്നു. വൈദികർക്ക് താമസിക്കുവാൻവേണ്ടി ഇന്ന് കാണുന്ന പള്ളിമേട പണിതീർത്തത് മാത്യു മാടപ്പള്ളിൽ അച്ചനാണ്. ഹോർമിസ് പുത്തൻവീട്ടിൽ അച്ചനാണ് ഇടവകയ്ക്കായി സെല്ലാറും പ്രവേശനകവാടവും നിർമ്മിച്ചത്.

**ആത്മിയ വളർച്ച**

ആരംഭകാലം മുതൽ ഇടവകസമൂഹം പ്രാർത്ഥനയിലും വിശ്വാസത്തിലും അടിയുറച്ചുനിന്നിരുന്നു. അതിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന ഈ ദൈവാലയം. പുർവീകർ പകർന്നു തന്ന വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ സേവനമനുഷ്ഠിച്ച വൈദികർ വഹിച്ച പങ്ക ചെറുതല്ല. ആധുനിക സംസ്ക്കാരത്തിന്റെ കുത്തൊഴുക്കിലും വിശ്വാസത്തെ മുറകെപ്പിടിക്കുവാൻ ഈ സമൂഹത്തെ പഠിപ്പിച്ച എല്ലാ വൈദികരെയും ഓർക്കുന്നു. വർഗീസ് കൂത്തനേത്ത് അച്ചൻ, സ്ലീബാദാസ് ചരിവുപുരയിടത്തിൽ അച്ചൻ എന്നിവരുടെ നിസ്തുലമായ സേവനം ഈ സമൂഹത്തെ പ്രാർത്ഥനയിലും ആത്മീയതയിലും ശക്തിപ്പെടുത്തി. ദേശത്തിന് മുഴുവൻ സാക്ഷ്യമായി ഒരു എക്യൂമെനിക്കൽ പ്രസ്ഥാനം തുടങ്ങി. സംയുക്ത ക്രിസ്തുമസ് ആഘോഷത്തിന് തുടക്കമിടുവാൻ വർഗീസ് കൂത്തനേത്തച്ചൻ പ്രധാനപങ്ക്, വഹിച്ചു. വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പണിതീർത്ത ഈ ദൈവാലയത്തിന് സഹദായോടുള്ള മദ്ധ്യസ്ഥപാർത്ഥന നൊവേനയായി ചിട്ടപ്പെടുത്തിയത് ബഹുമാനപ്പെട്ട സ്ലീബാദാസ് അച്ചനാണ്. എല്ലാ ചൊവാഴ്ചകളിലും നൊവേന നടത്തിവരുന്നു വർഗീസ് കൂത്തനേത്തച്ചൻ ആരംഭിച്ച നോമ്പുകാല ഭവനപ്രാർത്ഥനകൾ പ്രദേശത്തിനാകെ അനുഗ്രഹമാകും വിധം ഐക്യമനോഭാവത്തോടെ നടത്തി തുടങ്ങിയതും അച്ചന്റെ കാലത്താണ്. ആദ്യവെള്ളിയാഴ്ചകളിലെ ദിവ്യകാരുണ്യ ആരാധനയും ലീജിയൺ ഓഫ് മേരിയുടെ യൂണിറ്റും ആരംഭിച്ചതും സ്ലീബാ അച്ചനാണ്. അങ്ങനെ ദിവ്യകാരുണ്യാനുഭവത്തിലും പ്രാർത്ഥനാ ജീവിതത്തിലും മുന്നേറിയ ഈ സമൂഹത്തെയും ദൈവാലയത്തേയും വളക്കൂറുള്ള മണ്ണായി ദൈവം ഒരുക്കിയെടുക്കുകയായിരുന്നുവെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു.

**കരുണയുടെ വിശുദ്ധൻ അതിരുങ്കലിന്റെ മണ്ണിലേക്ക്**

2015-ൽ വികാരിയായി നിയമിക്കപ്പെട്ട ഏബ്രഹാം മേപ്പുറത്തച്ചനും ഈ സമൂഹത്തിന്റെ ആത്മീയ മുന്നേറ്റത്തിനു തന്നെയായിരുന്നു പ്രാധാന്യം നൽകിയത്. ആഗോളക ത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ കരുണയുടെ അസാധാരണ ജൂബിലി വർഷത്തിൽ വിശുദ്ധ പാദ്രെ പിയോയെ

കരുണയുടെ വിശുദ്ധനായി പ്രഖ്യാപിച്ചു. കരുണയുടെ വർഷത്തിൽ തന്നെ വിശുദ്ധ പാദ്രെ പിയോയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിക്കാനും കരുണയുടെ തീർത്ഥാടന ദൈവാലയമായി പ്രഖ്യാപിക്കപ്പെടുവാനും സാധിച്ചുവെന്നത് ദൈവപരിപാലനയുടെ വെളിപ്പെടുത്തലായിരുന്നു. 1971-ൽ നിർമ്മിച്ച ദൈവാലയത്തിന്റെ മദ്ബഹാ നവീകരിച്ച് 2016 ജൂൺ 12-ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി വിശുദ്ധ പാദ്രേപിയോയുടെ തിരുശേഷിപ്പ് പ്രതിഷ്ഠയും കരുണയുടെ തീർത്ഥാടനദൈവാലയ പ്രഖ്യാപനവും നടത്തി. ബഹു. ഏബ്രഹാം മേപ്പുറത്തച്ചന്റെ നേതൃത്വവും പ്രാർത്ഥനയുമാണ് മദ്ബഹായുടെ നവീകരണത്തിലും തിരുശേഷിപ്പ് പ്രതിഷ്ഠക്കായി ഈ സമൂഹത്തെ ഒരുക്കുന്നതിലും വലിയപങ്ക്, വഹിച്ചത്. അന്നു മുതൽ വി. പാദ്രേ പിയോയുടെ തിരുന്നാൾ സെപ്റ്റംബർ 23-ന് ഇടവകയിൽ ആചരിച്ചുവരുന്നു. ചൊവ്വാഴ്ചകളിൽ വൈകുന്നേരം ദിവ്യകാരുണ്യ ആരാധനയും രണ്ടാം ശനിയാഴ്ചകളിൽ നവീകരണധ്യാനവും ആരംഭിച്ചത് ഏബ്രഹാം മേപ്പുറത്തച്ചനാണ്.

ദൈവാലയത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയിൽ നാളിതുവരെ വികാരിമാരായി സേവനമനുഷ്ഠിച്ച ഇരുപതോളം വൈദികശ്രേഷ്ഠർ വഹിച്ച പങ്ക് നിസ്തുലമാണ്. ഇടവകജനത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ അവരുടെ പ്രാർത്ഥനാ പൂർണ്ണമായ ജീവിതം മാതൃകയും പ്രചോദനവുമായിരുന്നു. 15 വൈദികരാണ് ഈ ഇടവകയിൽ നിന്ന് നിരവധി സ്ഥലങ്ങളിലും മേഖലകളിലും സേവനമനുഷ്ഠിക്കുന്നത്. വിദേശത്തും സ്വദേശത്തുമായി ഇവർ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. വൈദികവിദ്യാർത്ഥികളായി അഞ്ച് പേർ വിവിധ സെമിനാരികളിൽ പരിശീലിക്കുന്നു. 2005-ൽ തന്റെ ദൈവവിളിയോട് പൂർണ്ണമായും വിശ്വസ്തത പുലർത്തിയ ഈ ഇടവകയുടെ മകൻ ടോമി തടത്തിലച്ചനെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി സ്വർഗ്ഗത്തിലേക്ക് ചേർത്തു.

**ഉപസംഹാരം**

ഒരു ചെറിയ കൂട്ടായ്മയിൽ നിന്ന് തുടങ്ങി ഇന്ന് 145 കുടുംബങ്ങളുള്ള ഇടവകസമൂഹമാണ് ഈ ദൈവാലയം. പൂർവീകരുടെ അധ്വാനവും വിയർപ്പും പ്രാർത്ഥനയുമാണ് ഇതിന്റെ അടിത്തറ. അഭിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരുന്ന ഈ ഇടവക 2010-ൽ പത്തനംതിട്ട ഭദ്രാസനം നിലവിൽ വന്നപ്പോൾ അതിന്റെ ഭാഗമായി മാറി. അനേകം വൈദികരുടെ പ്രാർത്ഥനയും അഭിഷേകവുമാണ് ഇതിന്റെ ബലം. കരിങ്കല്ലിൽ കെട്ടിയുയർത്തിയ ഈ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദിവ്യസ്ക്രാരിയിൽ നിന്നൊഴുകുന്ന ജീവന്റെ ഉറവയിൽ നിന്ന് ശക്തിയാർജ്ജിച്ച് ഈ ദൈവാലയത്തിന്റെ ആത്മീയ വളർച്ചയിൽ ഭാഗഭാക്കുകളാകാൻ ഓരോ തലമുറയിൽപ്പെട്ടവർക്കും കടമയുണ്ട്. പൂർവപിതാക്കന്മാർ വിശ്വാസത്തിൽ സ്ഥിരപ്പെട്ട് നമുക്ക് നൽകിയ പാരമ്പര്യം വരുംതലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ നമുക്ക് കടമയുണ്ട്. വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി മാർ ഈവാനിയോസ് പിതാവുൾപ്പെടെയുള്ള പുണ്യപിതാക്കന്മാരുടെ സ്വപ്നങ്ങളെ ഹൃദയത്തിലേറ്റാം. ക്രിസ്തുവിനെ സ്വീകരിച്ച് ക്രിസ്തുവിനെ നൽകുന്നവരായി മാറാം. നമ്മുടെ ജീവിതം തലമുറകൾക്ക് സാക്ഷ്യമായി മാറട്ടെ.

**ഇടവകയിൽ നിന്നുള്ള വൈദികർ**

**1. ഫാ. ജോസഫ് തടത്തിൽ (പൗരോഹിത്യം: 04.01.1967) –** ചാണ്ടി ഐസക് -ഏലിയാമ്മ ചാണ്ടി ദമ്പതികളുടെ മകൾ പ്രേഷിതമേഖല: അട്ടച്ചാക്കൽ, ചെങ്ങറ, പനച്ചമൂട്, കുടയാൽ, അരുവിയോട്, അമ്പൂരി, കടമ്മനിട്ട, തോന്ന്യാമല, വല്ലയന്തി, കിഴക്കേതെരുവ്, കോന്നി, കൊക്കാത്തോട്, ഇളപ്പുപാറ, വി.കോട്ടയം, രാമൻചിറ, പമ്പുമല തുടങ്ങി 38 ദൈവാലയങ്ങളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. പിരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയുടെ ഡയറക്ടറായും, തിരുവനന്തപുരം മേജർ അതിരൂപത ഹെൽത്ത് ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. അച്ചന്റെ ദൈവശാസ്ത്രപഠനം ജർമ്മിനിയിലായിരുന്നു. അവിടെവച്ചാണ് പരോഹിത്യം സ്വികരിച്ചത്. അതിരുങ്കൽ ഇടവകയുടെ പ്രഥമ വൈദികൻ. പത്തനംതിട്ട രൂപതയിൽ ഉളനാട് ദൈവാലയത്തിന്റെ വികാരിയായും, പന്തളം വൈദിക ജില്ലാവികാരിയായും ശുശ്രൂഷ ചെയ്യുന്നു.

**2. ഫാ. ഗീവർഗീസ് ചേടിയത്ത് മല്പാൻ (പൗരോഹിത്യം: 20.12.1989) –** സി.ജി. ദാനിയേൽ- സാറാമ്മ ദാനിയേൽ ദമ്പതികളുടെ മകൻ. പ്രേഷിതമേഖല: വടവാതൂർ, തിരുവനന്തപുരം സെമിനാരികളിലെ പ്രൊഫസർ, വിവിധ ഭാഷകളിൽ 120-ൽപരം പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവ്, സഭാപിതാക്കന്മാരുടെ പഠനത്തിൽ ഡോക്ട്രേറ്റ് നേടി, ആഗോളസഭയുടെ എക്യുമെനിക്കൽ സംവാദങ്ങളിൽ മലങ്കര സഭയുടെ പ്രതിനിധി പ്രോ ഓറിയെന്തേ ഫൗണ്ടേഷൻ മെമ്പർ എന്നി നിലകളിൽ പ്രവർത്തിച്ച വന്ദ്യ ചേടിയത്ത് മല്പാൻ, മാർ ഈവാനിയോസ് ബഥനി അവാർഡ്, കെ.സി.ബി.സി. മാധ്യമ അവാർഡ്, കേരള തിയോളജിക്കൽ അവാർഡ്, മേരി വിജയം ഏർപ്പെടുത്തിയ ദൈവശാസ്ത്രഗ്രന്ഥത്തിനുള്ള അവാർഡ്, മാർത്തോ പുരസ്കാരം എന്നിവ കരസ്ഥമാക്കിയിരുന്നു. 2015-ൽ മല്പാനായി ഇദ്ദേഹത്തെ സഭ ഉയർത്തി. പത്തനംതിട്ട രൂപതയുടെ ചാൻസലർ, ചിക്കനാൽ ഇടവക വികാരി, ആശ്വാസഭവൻ ഡയറക്ടർ എന്നി നിലകളിൽ ഉപ്പോൾ സേവനം ചെയ്യുന്നു.

**3. ഫാ. ചാക്കോ തടത്തിൽ (പൗരോഹിത്യം: 20.12.1979)** - റ്റി.സി. വർഗീസ് – മറിയാമ്മ ദമ്പതികളുടെ മകൾ, പ്രേഷിതമേഖല: ഇളമാട്, പാറശാല, കുലശേഖരം, ഇടമുളയ്ക്കൽ, പെരിങ്ങള്ളൂർ, കരവാളൂർ, ചോഴിയക്കോട്, കടമ്മനിട്ട, തോന്ന്യാമല, വല്യയത്തി, ആനന്ദപള്ളി, തട്ട, ഫിലാഡൽഫിയ, പഴകുളം, എനാത്ത്, പുതുശേരിഭാഗം, വകയാർ, പേഴുംകൽ, കുമ്പഴ ദൈവാലയങ്ങളിൽ വികാരി. കോന്നി വൈദിക ജില്ലാ വികാരി, പത്തനംതിട്ട രൂപത വികാരി ജനറാർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കോന്നി ദൈവാലയത്തിൽ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

**4. ഫാ. കോശി ജോർജ് ചിറയത്ത് (പൗരോഹിത്യം: 20.12.1980)** - തോമസ് ജോർജ്ജ് - തങ്കമ്മ ജോർജ്ജ് ദമ്പതികളുടെ മകൻ, പ്രേഷിതമേഖല: പുത്തൂർ, ചാരുംമൂട്, നൂറനാട്, കരിമുളയ്ക്കൽ, പണയിൽ, ഏനാത്ത്, പുതുശ്ശേരിഭാഗം, മഞ്ചാടിമുക്ക്, വയലത്തല, കീക്കൊഴൂർ, പത്തനംതിട്ട, തട്ട, ആനന്ദകള്ളി, പഴകുളം, പെരിങ്ങനാട്, പറങ്കിമാംകൂട്ടം, വി.കോട്ടയം, ഇളപ്പുപാറ, ന്യൂയോർക്ക് എന്നീ പ്രദേശങ്ങളിൽ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട. ഇപ്പോർ അട്ടച്ചാക്കൽ, ചെങ്ങറ ഇടവകകളുടെ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

**5. ഫാ. ജോസ് വള്ളിപ്പറമ്പിൽ (പൗരോഹിത്യം: 22.03.1983)** - വി.കെ. ജോർജ്ജ്-കുഞ്ഞമ്മ ജോർജ്ജ് ദമ്പതികളുടെ മകൻ -പ്രേഷിതമേഖല: കുമ്മല്ലൂർ, ചെങ്കുളം, അമ്പിളികോണം, പിൻകുളം, കുളത്തൂർ, ധനുവച്ചപുരം, പോത്തൻകോട്, കോലിയക്കോട് എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്ത അച്ചൻ ഇപ്പോൾ അമേരിക്കയിൽ ശുശ്രൂഷ നടത്തുന്നു. ദൈവശാസ്ത്രത്തിൽ ഡോക്ട്രേറ്റ് നേടിയിട്ടുണ്ട്.

**6. ഫാ. ഫിലിപ്പ് വൈശ്യനേത്ത് ഒ.ഐ.സി. (പൗരോഹിത്യം: 02.10.1986)** - മാത്യു ഫിലിപ്പ് - ഏലിയാമ്മ മാത്യു ദമ്പതികളുടെ മകൻ, പ്രേഷിതമേഖല: ബഥനി ദയറ സുപ്പീരിയർ, വികാരി, വൈസ് റെക്ടർ ബഥനി സ്കൊളാസ്റ്റിക്കേറ്റ് പൂനൈ പ്രൊവിൻഷ്യൽ കാൺസിലർ, പൂനൈ ബഥനി വേദവിജ്ഞാനപീഠം ഡയറക്ടർ, ബിബിഎസ് ഡയറക്ടർ എന്നി നിലകളിൽ പ്രവൃത്തിച്ച അച്ചൻ മദ്രാസ് ഗവ. മ്യൂസിക് കോളേജിൽ നിന്ന് സംഗിത വിദ്വാനും, ഓസ്ട്രിയായിൽ നിന്നും മ്യുസിക്കിലും ലിറ്റർജിയിലും ഡോക്ട്രേറ്റ് നേടിയിട്ടുണ്ട്. ഇപ്പോൾ പൂനൈ ബഥനി വിജ്ഞാനപീഠത്തിൽ റസിഡന്റ് പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്ന അച്ചൻ 2005 മുതൽ മലങ്കര കത്തോലിക്കാ സഭയുടെ ആരാധന കമ്മീഷനിൽ അംഗവുമാണ്.

**7. ഫാ. തോമസ് ചേടിയത്ത് ഒ.ഐ.സി. (പൗരോഹിത്യം: 28.12.1995)** - ദാനിയേൽ - സാറാമ്മ ദമ്പതികളുടെ മകൻ പ്രേഷിതമേഖല:നുജ്ബാൽതില ബഥനി പി.യു. കോളേജ് പ്രിൻസിപ്പാൾ, മാനേജർ, കർണ്ണാടക ബഥനി സ്ഥാപനങ്ങളുടെ കറസ്പോൺന്റ്, കാലേവാടി നിർമൽ ബഥനി സ്കൂൾ പ്രിൻസിപ്പാൾ, ബഥനി നവജീവൻ പ്രോവിൻസ് പ്രൊവിൻഷ്യൽ സെക്രട്ടറി, സന്ന്യാസാർത്ഥികളുടെ റെക്ടർ, നാലാഞ്ചിറ ബഥനി കോളേജ് പ്രിൻസിപ്പാൾ, നാലാഞ്ചിറ സുപ്പീരിയർ, പുലയനാർക്കോട്ട ക്ഷയരോഗ പുനരധിവാസകേന്ദ്രം ഡയറക്ടർ, നാലാഞ്ചിറ നവജീവൻ സ്കൂർ പ്രിൻസിപ്പാൾ, മംഗലാപുരം, വെറ്റിനാട്, ചിറമുക്ക്, കുതിരകുളം, വെളിയന്നൂർ, എന്നീ ദൈവാലയങ്ങളിൽ വികാരിയായി സേവനം ചെയ്തു. ഇപ്പോൾ ജർമ്മനിയിൽ ശുശ്രൂഷ ചെയ്യുന്നു.

**8. ഫാ. ജോസ് ചരുവിൽ (പൗരോഹിത്യം: 19.04.1996)**- ഫിലിപ്പ് മാത്യു – ചിന്നമ്മ ദമ്പതികളുടെ മകൻ - പ്രേഷിതമേഖല. ഇടത്തറ, ഉളമണ്ണൂർ, മരുതിമൂട്, പുന്നല, വിളക്കുവട്ടം, കാരയ്ക്കാട്, മുടിയോർക്കോണം, പുന്തല, ചാന്നാങ്കര, പ്രാവച്ചമ്പലം, ഊക്കോട്, കുറവൻ കോണം എന്നീ ഇടവകകളിലെ വികാരി. 3 വർഷക്കാലം തിരുവനന്തപുരം മേജർ അതിരൂപത മൈനർ സെമിനാരി റെക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുറിയാനിയിൽ എം.എ, ബിഎഡ് എന്നി ബിരുദങ്ങൾ ഉള്ള അച്ചൻ തിരുവനന്തപുരം, നാലാഞ്ചിറ സെന്റ് ജോൺസ് സ്കൂൾ അദ്ധ്യാപകനാണ്. പാളയം സമാധാനരാജ്ഞി ബസലിക്ക റെക്ടറായും സെന്റ് ജോൺസ് സ്കൂൾ ബർസാറായും സേവനം അനുഷ്ഠിക്കുന്നു.

**9. ഫാ. ജേക്കുബ് ജോർജ് ചിറയത്ത് (പൗരോഹിത്യം: 22.03.1983)**- തോമസ് ജോർജ്ജ് - തങ്കമ്മ ദമ്പതികളുടെ മകൻ- പ്രേഷിതമേഖല: കാരേറ്റ്, പാലോട്, വട്ടക്കരിക്കം, ദരതന്നൂർ, ജവഹർ കോളനി, വെണ്ണിയൂർ എന്നീ ദൈവാലയങ്ങളിലെ വികാരി, വെണ്ണിയൂർ സ്കൂൾ മാനേജർ, കാഹളം മാസികയുടെ എഡിറ്റോറിയൽ ബോർഡ് അംഗം എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ അമേരിക്കയിൽ ശുശ്രൂഷ ചെയ്യുന്നു.

**10. മോൺ. ജോസഫ് ആന്റണി പുത്തൻപുരയിൽ (പൗരോഹിത്യം: 26.12.2000)**- പി. ജെ. ആന്റണി - മേരിക്കുട്ടി ദമ്പതികളുടെ മകൻ - പ്രേഷിതമേഖല: കാരേറ്റ്, ഊരകം, മഞ്ഞപ്പാറ, പാപ്പാല, പാലോട്, നെയ്യാറ്റിൻകര, ഗുരുനാഥൻകാവ് എന്നിവിടങ്ങളിലെ അസിസ്റ്റന്റ് വികാരി, ആറ്റിങ്ങൽ, പ്ലാവറ, ബുദ്ധൻകോളനി, തിരുവല്ലം, ചാല ദൈവാലയങ്ങളിലെ വികാരി, മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ വാർഡൻ. കാനൻ ലോയിൽ ഡോക്ടറേറ്റ് ധാരിയായ അച്ചനെ ഫ്രാൻസിസ് മാർപാപ്പ തിരുമനസ്സുകൊണ്ട് 2013 ഒക്ടോബർ 1-ന് മോൺസിഞ്ഞോർ ആയി ഉയർത്തി. റുവാണ്ട, ബോസ്നിയ, എന്നിവിടങ്ങളിൽ അപ്പോസ്തോലിക് ന്യൂൺഷ്യോയുടെ സെക്രട്ടറിയായി സേവനം ചെയ്തു. ഇപ്പോൾ റോമിൽ വത്തിക്കാൻ സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിൽ ജോലി ചെയ്യുന്നു

**11. ഫാ. ഡാനിയേൽ മണ്ണിൽ ഒ.ഐ.സി. (പൗരോഹിത്യം: 17.11.2008)**- തോമസ്- മറിയാമ്മ ദമ്പദികളുടെ മകൻ- പ്രേഷിതമേഖല: ഡൽഹിയിൽ പിതാവിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച അച്ചൻ ഇപ്പോൾ എത്യോപ്യയിൽ മിഷനറിയായി സേവനം അനുഷ്ഠിക്കുന്നു.

**12. ഫാ. ജോസി ചിറയത്ത് (പൗരോഹിത്യം: 06.04.2010)**– സി.ജി. തോമസ്- ഏലിയാമ്മ ദമ്പതികളുടെ മകൻ- പ്രേഷിതമേഖല: വടശ്ശേരിക്കര, മണ്ണിറ, പെരുനാട്, ളാഹ, മണിയാർ, തേക്കുതോട്, കരിമാൻതോട്, കൊച്ചുകുളം, തോണിക്കടവ് എന്നിവിടങ്ങളിലെ വികാരി. എം.സി.വൈ.എം. കോന്നി വൈദികജില്ലാ ഡയറക്ടറായി സേവനം ചെയ്തിട്ടുണ്ട് ഇപ്പോൾ കാനഡയിൽ ശുശ്രൂഷ ചെയ്യുന്നു.

**13. ഫാ. സ്കറിയ പതാലിൽ (പൗരോഹിത്യം: 22.04.2014)** – പി.സി. വർഗീസ് - മോളികുട്ടി ദമ്പതികളുടെ മകൻ- പ്രേഷിതമേഖല: മെലപ്രാ, തോന്ന്യാമല, മേരിഗിരി എന്നിവിടങ്ങളിൽ സഹവികാരി, പ്രക്കാനം, പുളിന്തിട്ട, കരിമ്പേക്കൽ എന്നിവിടങ്ങളിൽ വികാരി, സെന്റ് തോമസ് മൈനർ സെമിനാരി വൈസ്റെക്ടർ, പത്തനംതിട്ട ഭദ്രാസന ജുഡീഷ്യൽ നോട്ടറി, ചീക്കനാൽ ആശ്വാസഭവൻ അസിസ്റ്റന്റ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ തണ്ണിത്തോട്, കരിമാൻതോട് വികാരി, സെന്റ് ബനഡിക്ട് ഹൈസ്കൂൾ മാനേജർ എന്നി നിലകളിൽ സേവനം ചെയ്യുന്നു.

**14. ഫാ. തോമസ് ചിറയത്ത് (പൗരോഹിത്യം: 22.02.2014)**– ജോർജ് ഫിലിപ്പ്- എലിയാമ്മ ദമ്പതികളുടെ മകൻ- പ്രേഷിതമേഖല: തണ്ണിത്തോട്, കരിമാൻതോട്, തേക്കുതോട് എന്നിവടങ്ങളിൽ അസി.വികാരിയായി സേവനം ചെയ്തു. വിൻസെന്റ് ഡി പോൾ സംഘടനയുടെ ആത്മീയ ഉപദേഷ്ടാവ്, മദ്യലഹരി വിരുദ്ധ സമിതി രൂപതാ ഡയറക്ടർ, ദളിത് കമ്മീഷൻ ഡയറക്ടർ, എം.സി.വൈ.എം. പന്തളം ജില്ലാ ഡയറക്ടർ, കുറിച്ചിമുട്ടം, ആറന്മുള ദൈവാലയങ്ങളുടെ വികാരി.